പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 4829

27-06-2014 ൽ മറുപടിക്ക്

# ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ മാലാക്കായൽ വികസന പദ്ധതി

ചോദ്യം

ശ്രീ.ജി.എസ്. ജയലാൽ

ഉത്തരം

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) കെ.എൽ.ഡി.സി മുഖേന ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന മാലാക്കായൽ വികസന പദ്ധതിക്ക് എത്ര രൂപയുടെ ഭരണാനുമതി, എന്നാണ് നൽകിയതെന്ന് അറിയിക്കുമോ; | (എ) | കെ.എൽ.ഡി.സി മുഖാന്തിരം നടപ്പിലാക്കുന്ന മാലാക്കായൽ വികസന പദ്ധതിയ്ക്ക് 80.24 ലക്ഷം രൂപയുടെ ഭരണാനുമതി 30-06-2007-ൽ നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ ആരാണ് കരാർ എടുത്ത് നിർമ്മാണം ആരംഭിച്ചതെന്നും, എന്നാണ് പ്രവർത്തനങ്ങൾ ആരംഭിച്ചതെന്നും, അറിയിക്കുമോ;<br>(സി) കരാർപ്രകാരം നിർമ്മാണ ജോലികൾ പൂർത്തീകരിക്കേണ്ടത് എന്നാണ്; പ്രസ്തുത കരാറിന്റെ കാലാവധി അവസാനിച്ചുവോ; എങ്കിൽ കരാർ നീട്ടികൊടുക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) യും (സി) യും | ശ്രീ. ജേക്കബ് ജോസഫ് എന്നയാളിനാണ് കെ.എൽ.ഡി.സി കരാർ നൽകിയിരുന്നത്. 18-7-2008 ൽ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2012 മാർച്ച് 31 നാണ് പണി പൂർത്തിയാക്കേണ്ടിയിരുന്നത്. കരാർ പുതുക്കിയിട്ടില്ല. |
| (ഡി) ആദ്യ കരാറുകാരനെ മാറ്റി മറ്റൊരാൾക്ക് കരാർ നൽകുവാൻ ഉണ്ടായ സാഹചര്യം എന്താണ്; ഇപ്രകാരം ഇപ്പോൾ ആകെ ജോലിയുടെ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്; എത്രത്തോളം രൂപ പ്രസ്തുത ആവശ്യത്തിലേയ്ക്കായി കരാറുകാരന് നൽകിയിട്ടുണ്ട്; | (ഡി) | ആദ്യ കരാറുകാരനെ മാറ്റിയിട്ടില്ല. എന്നാൽ, ശ്രീ.അജയകുമാർ എന്നയാൾക്ക് കരാറുകാരൻ പവർ ഓഫ് അറ്റോർണി നൽകിയിട്ടുണ്ട്. പ്രസ്തുത വർക്കിന്റെ 40% പ്രവർത്തികൾ പൂർത്തീകരിക്കുകയും വർക്ക് ബിൽ ഇനത്തിൽ 32.317 ലക്ഷം രൂപ കെ.എൽ.ഡി.സി കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) പ്രസ്തുത പദ്ധതി നിർമ്മാണത്തിന്റെ കരാർ പ്രകാരം എത്രമാത്രം ജോലികൾ ഇനി അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ഇ) | 550 മീറ്റർ നീളത്തിൽ ബണ്ട് നിർമ്മാണവും, ബണ്ട് ബലപ്പെടുത്തുന്നതിനുള്ള പാറയുടെ ടംബിംഗ് വർക്കും അവശേഷിക്കുന്നു. |
| (എഫ്) പ്രസ്തുത ജോലികൾ പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് എന്നാണ് ഉണ്ടായതെന്നും, തടസ്സങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ;<br>(ജി) നിലവിലുള്ള തടസ്സങ്ങൾ നീക്കി നിർമ്മാണം ആരംഭിക്കുവാൻ സ്വീകരിച്ച നടപടി എന്തൊക്കെയാണ്;<br>എച്ച്) ശേഷിച്ച നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുവാൻ തയ്യാറാകുമോ; എങ്കിൽ എന്നത്തേയ്ക്ക് നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ? | (എഫ്) ഉം (ജി) യും (എച്ചും) | ജില്ലാ കോടതിയിൽ നിന്നും തുടർന്ന് ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഓർഡറുകളും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്ന് സ്റ്റോപ്പ് മെമ്മോയും നൽകിയിട്ടുണ്ട്. പ്രസ്തുത തടസ്സങ്ങൾ നീങ്ങിയാൽ മാത്രമേ പണി തുടരുവാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ